# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ബഹു. ആക്ടിംഗ് ചെയർമാൻ & ജുഡീഷ്വൽ അംഗം

**എച്ച്.ആർ.എം.പി. നമ്പർ : 1340/11/12/2022/ TVM**

പരാതികക്ഷി : കലാ ശ്രീകുമാർ,റ്റി.സി.26/689
സോനാ ഫാൻസി,വാൻ റോസ് ജംഗ്ഷൻ
തിരുവനന്തപുരം

എതിർകക്ഷികൾ

**ഉത്തരവ് തീയതി 03.04.2024**

തിരുവനന്തപുരം വാൻ റോസ് ജംഗ്ഷനിൽ 33 വർഷമായി Sona fancy എന്ന സ്ഥാപനം നടത്തിവരു പരാതിക്കാരി 20/7/2022 തീയതി ലൈസൻസിനായി അപേക്ഷ നൽകിയിട്ട് നഗരസഭാ അധികൃ അനുവദിക്കുന്നില്ലായെന്നും, തൻെറ കട പുറമ്പോക്ക് വസ്തുവിലാണ് സ്ഥിതി ചെയ്യുന്നതെന്നും, ടി ഭൂമി പതിവിനാ താലൂക്കിൽ അപേക്ഷ നൽകുകയും ആയതിന്മേൽ നടപടികൾ നടന്നുവരുന്നതായും, നഗരസഭ ലൈസൻ അനുവദിക്കാത്ത സാഹചര്യത്തിൽ പരാതിക്കാരി WP© No.28200/23 നമ്പർ പ്രകാരം ഹൈക്കോടതിെ സമീക്കുകയും ടിയാൾക്ക് അനുകൂലമായ ഉത്തരവ് ഉണ്ടായിട്ടും നടപടി ഒന്നും ഉണ്ടാകുന്നില്ലായെന്നും മറ്റുമാ പരാതി സംഗതി.

പരാതി വിഷയത്തിൽ തിരുവനന്തപുരം നഗരസഭ സെക്രട്ടറി ഒരു റിപ്പോർട്ട് സമർപ്പിച്ചു. പരാതിക്ക നിയമാനുസൃതമായി കെട്ടിട ഉടമയുടെ സമ്മതപത്രം ഹാജരാക്കാത്തതുകൊണ്ടാണ് ലൈസൻ അനുവദിക്കാത്തതെന്നാണ് റിപ്പോർട്ടിൽ കാണുന്നത്.

പരാതിയും റിപ്പോർട്ടും കമ്മീഷൻ വിശദമായി പരിശോധിച്ചു. തിരുവനന്തപുരം മുൻസിപ്പൽ സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ബഹു: ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് പരാതിക്കാരി തൻെറ കടയ്ക്ക് ലൈസൻസിനായി നഗരസഭയിൽ വീണ്ടും അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്ന് കാണുന്നു. ഹൈക്കോടതി വിധി നഗരസഭാ അധികൃതർ പാലിച്ചില്ലായെങ്കിൽ പരാതിക്കാരി ഹൈക്കോടതിയെ തന്നെയാണ് സമീപിക്കേണ്ടത്. കോടതിയുടെ പരിഗണനയിലോ തീരുമാനത്തിൽപ്പെട്ടതോ ആയ ഒരു വിഷയത്തിൽ മനുഷ്യാവകാശ സംരക്ഷണ നിയമം 17(എച്ച്)പ്രകാരം കമ്മീഷന് തുടർനടപടികൾ കൈകൊള്ളുവാൻ കഴിയുകയില്ല.

അകയാൽ കേസ് തീർപ്പാക്കി ഉത്തരവാകുന്നു.

ഒപ്പ്
കെ.ബൈജുനാഥ്
ആക്ടിംഗ് ചെയർമാൻ & ജുഡീഷ്വൽ അംഗം

//ശരിപ്പകർപ്പ്//

രജിസ്ട്രാർ